പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2230 **27-10-2026-ൽ മറുപടിയ്ക്ക്**

കൂട്ടനാട് പുളിങ്കുന്ന് പോലീസ് സ്റ്റേഷനിലെ സൗകര്യങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൂട്ടനാട് പുളിങ്കുന്ന് പോലീസ് സ്റ്റേഷനിൽ വിശ്രമമുറി ഇല്ലാത്തത് വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: കൂട്ടനാട് പുളിങ്കുന്ന് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേകം വിശ്രമ മുറി സൗകര്യങ്ങൾ നിലവിൽ ഉണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഒരു നില കൂടി നിർമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

മറുപടി: നിലവിലുള്ള പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് ഒരു നില കൂടി നിർമ്മിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നും തന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സംസ്ഥാന പോലീസ് മേധാവിയിൽ നിന്ന് ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക്, പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ